പാവപ്പെട്ടയാളുകളുടെ എണ്ണമോ അല്ലെങ്കിൽ ഈ എണ്ണത്തിൽ പ്ലാനിംഗ് കമ്മീഷൻ വരുത്തിയ നീക്കുപോക്ക് അനുസരിച്ചുള്ള കണക്കോ ഏതാണോ കൂടുതൽ അതിൽ കൂടുതൽ ആകാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം കണക്കിലെടുത്ത് വേണം സംസ്ഥാനങ്ങൾ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിനുള്ള കുറഞ്ഞ സ്കോർ നിശ്ചയിക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്ന് സൂചകങ്ങളിലുമായി ഓരോ കുടുംബത്തിനും ലഭിക്കുന്ന സ്കോർ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിന് സംസ്ഥാനങ്ങൾ നിശ്ചയിക്കുന്ന കുറഞ്ഞ സ്കോർ എന്നിവയെ അടിസ്ഥാനമാക്കിയാണ് ദാരിദ്ര്യ കുടുംബങ്ങളെ നിർണ്ണയിക്കേണ്ടത്.

(ബി) ഇങ്ങനെ തെരഞ്ഞെടുക്കുമ്പോൾ കുടുംബം എന്നതിന്റെ പിരിധിയിൽ വരുന്ന അംഗങ്ങൾ കുടുംബനാഥൻ, കുടുംബനാഥ, പിതാവ്, മാതാവ്, മകൻ, മകൾ, മകന്റെ ഭാര്യ, മക്കളുടെ മക്കൾ എന്നിവരാണ്.

(സി&ഡി) പത്താം പദ്ധതിക്കായുള്ള ദാരിദ്ര്യരേഖാ സെൻസസ് നടന്നു വരുന്നതേയുള്ളൂ. ബി. പി. എൽ. ലിസ്റ്റ് അന്തിമമായി തയ്യാറാക്കി കഴിഞ്ഞാൽ ഇതിൽ കൂടുതൽ കുടുംബങ്ങളെ കൂട്ടിച്ചേർക്കാൻ പാടില്ലെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സെൻസസ് പ്രകാരം തയ്യാറാകുന്ന ബി. പി. എൽ. (BPL) ലിസ്റ്റിൽപ്പെട്ട കുടുംബാംഗങ്ങൾ വെവ്വേറെ വീട്ടിലേക്ക് താമസം മാറ്റിയാൻ രണ്ട് കുടുംങ്ങളേയും ബി. പി. എൽ. ആയി പരിഗണിക്കാമോ എന്ന കാര്യത്തിന്മേൽ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിൽ നിന്നും സ്പഷ്ടീകരണം തേടുന്നതാണ്.

(ഇ) ഗ്രാമ വികസന വകുപ്പു തയ്യാറാക്കുന്ന ബി. പി. എൽ. ലിസ്റ്റിൽപ്പെട്ട എല്ലാ കുടുംബങ്ങൾക്കും ബി. പി. എൽ. റേഷൻ കാർഡ് ഇപ്പോൾ നൽകുന്നില്ല. ആയതിനാൽ ഇക്കാര്യം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പാണ് പരിശോധിക്കേണ്ടത്.

ആരോഗ്യ ഫണ്ട് രൂപീകരിക്കാൻ നടപടി

24 (*427) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആവശ്യമായ ഫണ്ടിന്റെ അപര്യാപ്തതമൂലം സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലൂടെ ഗവൺമെന്റ് ഉദ്ദേശിക്കുന്ന മെച്ചപ്പെട്ട സേവനം രോഗികൾക്ക് നൽകാൻ കഴിയുന്നില്ലായെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സർക്കാർ ആശുപത്രികളുടെ സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിന് 'ആരോഗ്യ ഫണ്ട്' സ്വരൂപിക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഫണ്ട് എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മെച്ചപ്പെട്ട സേവനം നൽകുന്നതിന്റെ ഭാഗമായി മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഇല്ല. എന്നാൽ ഫണ്ടിന്റെ കുറവ് പരിഹരിക്കുന്നതിനുവേണ്ടി മുൻ വർഷത്തേക്കാൾ കൂടുതൽ തുക 2003-04 വർഷത്തിൽ ആശുപത്രികളുടെ വികസനത്തിനും രോഗികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുമായി വകയിരുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് തിരുവനന്തപുരത്ത് ഒരു ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി പ്രവർത്തിക്കുന്നു. സർക്കാർ ആശുപത്രികൾ വഴി വിതരണം ചെയ്യുന്ന മരുന്നുകൾ ഇവിടെ പരിശോധിക്കുന്നുണ്ട്. ലബോറട്ടറിയുടെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നു.

(ഇ) നിലവിലുള്ള സംവിധാനം കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

വികസനകാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് വിളിച്ചുകൂട്ടിയ അഖിലകക്ഷിയോഗം

25 (*428) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. രാജു എബ്രഹാം :
ഡോ. തോമസ് ഐസക് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വികസന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് സർക്കാർ വിളിച്ചുകൂട്ടിയ അഖിലകക്ഷിയോഗത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തതെന്ന് വ്യക്തമാക്കാമോ ;

(ബി) വികസന കാര്യങ്ങൾ സംബന്ധിച്ച് പ്രതിപക്ഷവുമായി എന്തെങ്കിലും ധാരണയുണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാം കാര്യങ്ങളിലാണ് ധാരണ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) സർക്കാർ സ്വീകരിച്ചുവരുന്ന വികസന നയം സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ ഇല്ലാതാക്കുന്നതാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഈ നയത്തിൽ മാറ്റം വരുത്താൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly